പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.285 — 28.05.2019 ൽ മറുപടിക്ക്

## ഒറ്റപ്പാലം താലൂക്കാശുപത്രിക്ക് ജില്ലാആശുപത്രി പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തി ജില്ലാ ആശുപത്രി പദവി നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 02.02.2016 ൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായിരുന്നു. എന്നാൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്തുനിന്നും അധികം ദൂരെയല്ലാതെ (ഏകദേശം 30 കി.മീ) പാലക്കാട് ജില്ലാ ആശുപത്രി നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നതിനാലും സർക്കാരിന് വളരെ അധികം സാമ്പത്തിക ബാധ്യത വരുന്നതിനാലും ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്ന വിഷയം വിശദമായി പരിശോധിച്ച ശേഷം നിരസിച്ചിരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്; അതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സംസ്ഥാനത്ത് ആശുപത്രികളുടെ പദവി ഉയർത്തുന്നതിന് പകരം അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം. ഇതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ തെരെഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രിയുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തുകയും ജൂനിയർ കൺസൾട്ടന്റ് ,സ്റ്റാഫ് നഴ്സ് ,ദന്തൽ മെക്കാനിക്ക് എന്നിവയുടെ ഓരോ തസ്തികയും ഡയാലിസിസ് ടെക്നീഷ്യൻ,ലാബ് ടെക്നീഷ്യൻ എന്നിവയുടെ രണ്ട് വീതം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട് . കൂടാതെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള ഭൗതികസാഹചര്യം ലഭ്യമായ ഈ ആശുപത്രിയെ 2018-19 സാമ്പത്തിക വർഷത്തിൽ മിനിമം അംഗീകൃതനിലവാരത്തിലേക്ക് ഉയർത്തുന്ന താലൂക്കാശുപത്രിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉത്തരം എ യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ